# തിരുവനന്തപുരം നഗരസഭ

**"പ്രസിദ്ധീകരണത്തിന്"**

## തിരുവനന്തപുരം നഗരസഭയിൽ ഫയൽ അദാലത്ത് ജൂലൈ 12 ന്

തിരുവനന്തപുരം നഗരസഭയിൽ തീർപ്പാകാതെ കിടക്കുന്ന ഫയലുകളിൽ തീരുമാനമെടുക്കുന്നതിനായി ഫയൽ അദാലത്ത് സംഘടിപ്പിക്കുന്നു. 2018 ജൂലൈ 12–ാം തീയതി രാവിലെ 10.30 മണിമുതൽ നഗരസഭാ കൗൺസിൽ ലോഞ്ചിലാണ് അദാലത്ത് സംഘടിപ്പിച്ചിരിക്കുന്നത്. മേയർ. ഡെപ്യൂട്ടി മേയർ, വിവിധ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാർ, നഗരസഭ സെക്രട്ടറി, സൂപ്രണ്ടിംഗ് എഞ്ചിനീയർ, റവന്യൂ ഓഫീസർ, ഹെൽത്ത് ഓഫീസർ എന്നിവർ അദാലത്തിൽ പങ്കെടുക്കും. ഫയൽ തീർപ്പാക്കുന്നതിൽ കാലതാമസം ഉണ്ടാകുന്നതായുള്ള പരാതിയുടെ അടിസ്ഥാനത്തിലാണ് അദാലത്ത് സംഘടിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുള്ളത്. തീർപ്പാകാതെ കിടക്കുന്നതും കാലതാമസം ഉള്ളതുമായ ഫയലുകൾ സംബന്ധിച്ച പരാതികൾ നഗരസഭാ മെയിൻ ഓഫീസിലും എല്ലാ സോണൽ ഓഫീസുകളിലും 07.07.2018 ശനിയാഴ്ച വൈകുന്നേരം 5 മണിവരെ സ്വീകരിക്കുന്നതിന് ക്രമീകരണം ഏർപ്പെടുത്തിയിട്ടുണ്ടെന്ന് മേയർ അറിയിച്ചു.

Sd/-

03.07.2018

**പി.എ. ടു മേയർ**